**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3460** **26-06-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം റവന്യൂ ടവർ നിർമ്മാണ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം കളക്ടേറ്റിലെ ജീർണ്ണിച്ച കെട്ടിടങ്ങൾ പൊളിച്ചുമാറ്റി റവന്യൂ, സർവേ വകുപ്പുകളിലെ ഓഫീസുകൾക്കുവേണ്ടി പുതിയ റവന്യൂടവർ നിർമ്മിക്കുന്ന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | മലപ്പുറം ജില്ലയിൽ റവന്യൂ ടവർ കെട്ടിടം നിർമ്മിക്കുന്നതിനായി ജില്ലാ കളക്ടേറ്റിൽ നിന്നും ലഭ്യമായ സ്കെച്ച് ആവശ്യകത പരിശോധിച്ച് അംഗീകരിച്ച് നൽകുന്ന വിഷയം ലാൻഡ് റവന്യൂ കമ്മീഷണർ പരിശോധിച്ചു വരികയാണ്. |
| (ബി) | റീ ബിൽഡ് കേരള ഇനീഷ്യറ്റീവിൽ ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | പ്രസ്തുത പ്രൊപ്പോസൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിരുന്നുവെങ്കിലും ആയത് പ്രസ്തുത പദ്ധതിയിൽ പരിഗണിക്കുകയുണ്ടായില്ല. |
| (സി) | പ്രസ്തുത പദ്ധതിക്ക് അടിയന്തരമായി അനുമതി നൽകുമോ; വിശദാംശം അറിയിക്കുമോ? | (സി) | പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതിനാവശ്യമായ വിശദമായ പദ്ധതി റിപ്പോർട്ടും അനുബന്ധ രേഖകളും ലാൻഡ് റവന്യൂ കമ്മീഷണറിൽ നിന്നും അടിയന്തരമായി ലഭ്യമാക്കി ബജറ്റ് ലഭ്യതയ്ക്ക് വിധേയമായി ടി പദ്ധതിയ്ക്ക് അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ